# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ -ജയിലാസ്ഥാനകാര്യാലയം- ജീവനക്കാര്യം – അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിൽ (SR-ST) നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 07.03.2022 തീയതിയിലെ കേരളാ പി.എസ്.സി യുടെ SR 1-3/50020/2018-KPSC എന്ന നമ്പർ അഡ്വൈസ് ലെറ്റർ

**<u>ഉത്തരവ് നമ്പർ. E5-4737/2021/PrHQ; തീയതി : 30-03-2022</u>**

ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ പരാമർശ പ്രകാരം ജയിൽ വകുപ്പിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് (SR-ST) കേരള പി.എസ്.സി അഡ്വൈസ് ചെയ്തിരിക്കുന്നു. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ജയിൽ വകുപ്പിൽ നിലവിലുള്ള അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ഒഴിവുകളിലേക്ക് താൽക്കാലികമായി 27900-63700/- രൂപാ ശമ്പള സ്കെയിലിൽ (പഴയ സ്കെയിൽ 20,000-45,800/- രൂപാ) ചുവടെ ചേർക്കുന്ന രീതിയിൽ നിയമന ഉത്തരവ് നൽകുന്നു.

| SL. NO | NAME & ADDRESS | POSTING |
|---|---|---|
| 1 | PRAJITH.K<br>KOYATHADUKKAM<br>BALANTHODE<br>CHAMUNDIKUNNU<br>KASARAGOD | DISTRICT JAIL HOSDURG |
| 2 | DHANWANTH.K.R<br>REMANI NIVAS<br>MATHAMANGALAM<br>NAIKETTY-P.O<br>WAYANAD-673592 | DISTRICT JAIL MANANTHAVADY |

മേൽ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ മുമ്പാകെ ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം താഴെ പറയുന്നവയുടെ ഒറിജിനൽ രേഖകളുമായി ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്.

യോഗ്യത, ജനന തീയതി, ജാതി എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം,നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റ് (സാമുദായിക സംവരണത്തിന് അർഹതയുള്ളവർ), അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ.

കൂടാതെ കേരള സർവീസസ് പാർട്ട് 1 റൂൾ 13 അനുശാസിക്കുന്ന വിധം (ജി.ഓ.(പി) 20/2011/പി&എആർഡി തീയതി 30.06.2011) സർക്കാർ സർവീസിലുള്ള സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ് ,ഏതെങ്കിലും ഗസറ്റഡ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സ്വഭാവ സർട്ടിഫിക്കറ്റ്,കേരള പിഎസ്സി യിൽ നിന്നുള്ള ഒറ്റ തവണ പരിശോധനാ സാക്ഷ്യപത്രത്തിന്റെ ഒറിജിനൽ എന്നിവ ഹാജരാക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 3(സി) യിലെ ജനറൽ റൂൾസിന് വിധേയമായിരിക്കും. നിയമനം താൽക്കാലികമായിരിക്കും (ക്ലാസ് (1) സബ് റൂൾ (എ) റൂൾ 9, ജനറൽ റൂൾസ് - 05.03.1974 ലെ ജി.ഓ.(പി) 49/74/പിഡി). ജോലിയിൽ പ്രവേശിക്കുവാൻ വരുന്ന സമയത്ത് പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള പ്രൊഫോർമ (അനുബന്ധം –I) പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

നിശ്ചിത സമയത്തിനുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ മുന്നറിയിപ്പില്ലാതെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

എസ് സന്തോഷ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ഉദ്യോഗാർഥികൾ (രെജിസ്റ്റേർഡ് തപാൽ മുഖേന)

പകർപ്പ് : 1. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ
(ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് കത്തിൻറെ പകർപ്പ് , ഒറ്റത്തവണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യുന്നു. പരാമർശിച്ചിരിക്കുന്ന രേഖകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ഒറിജിനലുമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും മേൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്).
2. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മധ്യ/ദക്ഷിണ മേഖലകൾ
3. ഓഫീസ് കോപ്പി